ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
**Bengaluru Office:** Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

Ref. M/BP/CIR/2.2024 ജൂൺ 2, 2024

# കുഞ്ഞുങ്ങൾ എന്റെ അടുത്തേക്ക് വരട്ടെ

**പ്രിയമുള്ളവരേ,**

വേനലവധി കഴിഞ്ഞ് ഇന്ന് നമ്മൾ വിശ്വാസപരിശീലനവർഷം ആരംഭിക്കുകയാണല്ലോ. **"കുഞ്ഞുങ്ങൾ എന്റെ അടുത്തേക്ക് വരട്ടെ"** എന്ന ആപ്തവാക്യമാണ് ഈ വർഷത്തേക്കായി നാം തിരഞ്ഞെടുത്തിരിക്കുന്നത്. കുട്ടികളെ തന്നിലേക്ക് ക്ഷണിക്കുന്ന ഈശോ, കുട്ടികളുടെ കൂടെയായിരിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്ന ഈശോ, ആ ഈശോയാണ് നമ്മുടെ രക്ഷകനും നാഥനും നേതാവുമായ ഈശോ. ആ ഈശോയെ നന്നായി കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കുവാൻ നമുക്കെല്ലാവർക്കും സാധിക്കുമാറാകട്ടെ.

**സ്നേഹമുള്ള അച്ചന്മാരേ;** കുട്ടികൾക്കുവേണ്ടിയുള്ള കുർബാനയിലെ പ്രസംഗത്തിൽ മലയാളവും ഇംഗ്ലീഷും ചേർത്തു പറഞ്ഞാൽ പലർക്കും കുറച്ചുകൂടി ഉപകാരപ്രദമായേനെ എന്ന് പല മാതാപിതാക്കന്മാരും പറയാറുണ്ട്. മലയാളം സംസാരിക്കാറുണ്ടെങ്കിലും പലപ്പോഴും ഓരോ വാക്കിന്റെയും അർത്ഥവ്യത്യാസങ്ങൾ അവർ മനസ്സിലാക്കണമെന്നില്ല. ഇംഗ്ലീഷിൽകൂടി പറയുമ്പോൾ ചില കാര്യങ്ങൾ അവരുടെ മനസ്സിൽ പതിയും. ത്യാഗപൂർണ്ണമായ ഒരു സാധനയാണിത് എങ്കിൽത്തന്നെ ഇതിലേക്ക് നടത്തുന്ന പരിശ്രമങ്ങൾ അർത്ഥപൂർണ്ണവും ഫലപ്രദവുമായിരിക്കും. ഈ വിശ്വാസവർഷത്തിൽ ഈ പുതിയ നടപടി, അത് ആരംഭിക്കാത്ത ഇടവകകളിൽ തുടങ്ങുമല്ലോ.

വിശ്വാസപരിശീലനത്തിന് നേതൃത്വം നൽകുന്ന സെൻട്രൽ ടീമിനെ നന്ദിയോടെ ഓർക്കുന്നു. അവരുടെ നിതാന്തമായ പരിശ്രമമാണ് ഇത്രയും മനോഹരമായി വിശ്വാസപരിശീലനം നമ്മുടെ രൂപതയിൽ നടത്തുവാൻ കാരണമാകുന്നത്. അതിലെ ഓരോ അംഗവും പ്രശംസനീയമായ രീതിയിൽ നമ്മുടെ എല്ലാവരുടെയും നന്ദിയും പ്രാർത്ഥനയും ആദരവും അർഹിക്കുന്നു. ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ.

**പ്രിയ അധ്യാപകരേ;** നിങ്ങളുടെ സേവനത്തെ വിലമതിക്കാതെ വയ്യ. വിശ്വാസപൂർണ്ണമായ നിങ്ങളുടെ സമർപ്പണം ഞാൻ സ്നേഹത്തോടെ കാണുന്നു. ആറു ദിവസങ്ങളിലെ ചിട്ടയാർന്ന സ്കൂൾ പരിശീലനത്തിനുശേഷമാണ് ഞായറാഴ്ച നമ്മുടെ കുട്ടികൾ, യേശുവിനെപ്പറ്റി അറിയുവാനായി നമ്മുടെ അടുത്തേക്ക് വരുന്നത്. അഭിവന്ദ്യ തട്ടിൽ പിതാവ് നമ്മെ സന്ദർശിച്ചപ്പോൾ നമ്മളോട് പറഞ്ഞത്: വിശ്വാസപരിശീലനത്തിൽ കാലാനുസൃതവും സാംസ്കാരികവുമായ അനുരൂപണങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. നമ്മുടെ കുട്ടികൾ കർണ്ണാടകയിൽ ജനിച്ചവരാണ്. എല്ലാ കുട്ടികളും തന്നെ കന്നട സംസാരിക്കുന്നവരാണ്. അതുകൊണ്ടുതന്നെ മലയാളഭാഷയ്ക്ക് അതീതമായി വിശ്വാസം പകർന്നുകൊടുക്കുവാനും ക്രിസ്തുവിന്റെ അതിരില്ലാത്ത സ്നേഹം

പകർന്നുകൊടുക്കുവാനും നാം പരിശ്രമിക്കണം. ദൈവാനുഭവത്തിലേക്ക് അവരെ നയിക്കണം. പരീക്ഷയേയും മാർക്കിനെയും ഉപരിയായി അവർ വിശ്വാസത്തിൽ പരിപോഷിക്കപ്പെടുവാൻ, പാട്ടു പാടിയും, നൃത്തം ചെയ്തും, ബൈബിൾ ക്വിസ് നടത്തിയും ക്ലാസ്സുകളെ സജീവമാക്കുവാൻ നിങ്ങൾക്ക് സാധിക്കട്ടെ.

**പ്രിയ മാതാപിതാക്കന്മാരേ;** വിശ്വാസപരിശീലനം കഴിഞ്ഞ് വീട്ടിലെത്തുമ്പോൾ അവർ മനസ്സിലാക്കിയ കാര്യങ്ങൾ നിങ്ങളോട് പറയുവാൻ അവസരമുണ്ടാക്കണം. സൗഹൃദസംഭാഷണങ്ങളിലൂടെയാണ് യേശു പിതാവിന്റെ സ്നേഹം കേൾവിക്കാർക്ക് പകർന്നു നൽകിയത്. അതിൽ ഏറ്റവും നീളം കൂടിയ സംഭാഷണം സമരിയായിലെ കിണറ്റിൻ കരയിലെ സ്ത്രീയോടാണ് അവിടുന്ന് നടത്തിയത്. അതിൽ ഒട്ടുമുക്കാലും ചോദ്യങ്ങൾ ചോദിച്ച് കൊണ്ടായിരുന്നു. അർത്ഥപൂർണ്ണമായ വിശ്വാസത്തിന്റെ ഉൾക്കാഴ്ചകൾ പങ്കുവയ്ക്കുവാൻ കഴിവുള്ളവരാണ് നിങ്ങൾ. ദൈവപരിപാലനത്തിന്റെ, പ്രാർത്ഥനയ്ക്ക് ഉത്തരം കിട്ടിയതിന്റെ, ബൈബിൾ വചനങ്ങൾ പ്രചോദനമേകിയതിന്റെ ഒത്തിരി അനുഭവങ്ങൾ നിങ്ങൾക്കുണ്ട്. ആകർഷകമായ രീതിയിൽ കുട്ടികൾക്ക് അത് പകർന്നു കൊടുക്കുവാൻ അഭിഷേകം നൽകണമെന്ന് നിങ്ങൾ പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കണം.

**പ്രിയ ഇടവകജനമേ;** വിശ്വാസപരിശീലനം നമ്മുടെ എല്ലാവരുടെയും കടമയാണ്. നമുക്ക് നൽകപ്പെട്ടതായ വിശ്വാസം ജീവിതത്തിന്റെ ക്ലേശങ്ങളിൽ പിടിച്ചു നിൽക്കുവാൻ നമുക്ക് കരുത്തേകിയതുപോലെ നമ്മുടെ മക്കൾക്ക് വിശ്വാസപരിശീലനം നൽകുവാനുള്ള കടമ നമുക്കുണ്ട്. അത് എങ്ങനെയാണ് നാം നിർവ്വഹിക്കേണ്ടത്? വിശ്വാസപരിശീലനത്തിന് നേതൃത്വം നൽകുന്ന വികാരിയച്ചനെ നാം പ്രോത്സാഹിപ്പിക്കണം. ഇടവകയുടെ വരുമാനത്തിന്റെ 10% വരെ വിശ്വാസപരിശീലനത്തിനായി ചിലവഴിക്കുവാൻ ഇടവക തീരുമാനമെടുക്കണം. വിശ്വാസപരിശീലകരെ നാം ഹൃദയപൂർവ്വം അംഗീകരിക്കുകയും അവർ ചെയ്യുന്ന സേവനത്തെ സാധിക്കുന്ന സമയങ്ങളിൽ വിലമതിക്കണം. കുട്ടികൾക്ക് സൗകര്യമായിട്ടിരുന്ന് പഠിക്കുവാൻ ക്ലാസ്സുകളിൽ സംവിധാനങ്ങൾ നമുക്ക് ഒരുക്കാം. കൊച്ചുകൊച്ചു സമ്മാനങ്ങൾ കുട്ടികൾക്ക് ഇഷ്ടമാണ്. അവയെ നമുക്ക് ഇടവകയിൽ ലഭ്യമാക്കാം. നമ്മുടെ പൊതുസമ്മേളനങ്ങളിൽ കുട്ടികൾക്ക് പ്രസംഗിക്കുവാൻ അവസരം ഒരുക്കുക മാത്രമല്ല, അവരെക്കൂടി വിശിഷ്ടാതിഥികളുടെ കൂട്ടത്തിൽ ഇരുത്താം. നമ്മുടെ കലാപരിപാടികളിൽ 50% എങ്കിലും സുവിശേഷധിഷ്ഠിതമായ പ്രമേയങ്ങൾ അവതരിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കാം.

വിശ്വാസപരിശീലനം ഒരു മത്സരമോ, ഒന്നാം സ്ഥാനം നേടുവാനുള്ള ഒരു പരിശ്രമമോ ആയി കാണാതിരിക്കുവാൻ നാം കുട്ടികളെ പരിശീലിപ്പിക്കണം. അവർ വാശിയോടെ പഠിക്കുമ്പോഴും പരിശീലിക്കുമ്പോഴും സുവിശേഷമൂല്യങ്ങൾ സ്വന്തമാക്കുവാനുള്ള ഒരു നിതാന്തപരിശ്രമമായി വിശ്വാസപരിശീലനത്തെ കാണണം. അകത്തെ വെട്ടം ലഭിച്ച്, യേശുവിനെ അറിഞ്ഞ്, സ്നേഹത്തിൽ വളരുമ്പോൾ സമ്മാനം ലഭിക്കാതെ വരുന്നതും

ചിലപ്പോഴൊക്കെ പരാജയപ്പെടുന്നതും ക്രിസ്തു അനുയായിക്ക് ചേർന്നതായി നമ്മുടെ മക്കൾ മനസ്സിലാക്കും. യേശുനാഥൻ പലപ്പോഴും ലോകത്തിന്റെ കണ്ണുകളിൽ പരാജയമായിരുന്നുവല്ലോ.

വിശ്വാസപരിശീലനം അതിവിശിഷ്ടമായ രീതിയിൽ നടക്കുന്ന രൂപതയാണ് മണ്ഡ്യ രൂപത. അറിവും കഴിവും വിശ്വാസവും ഉത്തരവാദിത്വബോധവും സാമൂഹ്യപ്രതിബദ്ധതയുള്ള വൈദികരും സിസ്റ്റേഴ്സുമാണ് വിശ്വാസപരിശീലനത്തിന് നേതൃത്വം നൽകുന്നത്. തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം ആത്മാർത്ഥതയോടെ നിറവേറ്റുന്ന, അതിനായി തങ്ങളുടെ സമയവും സൗകര്യവും, വിജ്ഞാനവും കഴിവും സന്തോഷത്തോടെ പങ്കുവയ്ക്കുന്ന അധ്യാപകരുടെ രൂപതയാണ് മണ്ഡ്യ രൂപത. ഇടവകയിലെ കുട്ടികൾ വിശ്വാസവെളിച്ചം നന്നായി ഉൾക്കൊള്ളണമെന്ന് ശാഠ്യം പിടിക്കുകയും അതിനായി ഏതറ്റംവരെ പോകുവാനും സന്നദ്ധതയുള്ളവരാണ് മണ്ഡ്യ രൂപതയിലെ വിശ്വാസിസമൂഹം. ഈ രൂപതയിലെ കുട്ടികൾ വിശ്വാസപരിശീലനം സന്തോഷത്തോടെ കാണുന്നവരും ബലിയിൽ സജീവമായി പങ്കെടുക്കുന്നവരുമാണ്. ദൈവം നമ്മെ ധാരാളമായി അനുഗ്രഹിച്ചിരിക്കുന്നു. നന്ദിയോടെ, ആത്മവിശ്വാസത്തോടെ ഈ വർഷം നമുക്ക് ആരംഭിക്കാം. രൂപതാ തലത്തിലുള്ള ഈ വർഷത്തെ മതബോധന വർഷത്തിന് തുടക്കം കുറിക്കുന്നത് ഹിങ്കൽ ഇൻഫന്റ് ജീസസ് കത്തീഡ്രൽ പള്ളിയിൽ വച്ച് വികാരി ജനറാൾ മോൺസിഞ്ഞോർ തോമസ് തെന്നാട്ടിലച്ചൻ ആയിരിക്കും. എല്ലാ മതബോധന കേന്ദ്രങ്ങളിലും രൂപതയിൽ നിന്നും അയച്ചു തരുന്ന പ്രത്യേക പ്രാർത്ഥന ചൊല്ലി വിശ്വാസ പരിശീലനത്തിന് തുടക്കം കുറിക്കുമല്ലോ.

നിത്യവെളിച്ചമായ, മനുഷ്യന്റെ സങ്കടങ്ങളെ അടുത്തറിയുന്ന, നമ്മോടുള്ള സ്നേഹത്തെപ്രതി എല്ലാം നമുക്കായി തന്ന യേശുവിനെ മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുന്ന വിശ്വാസപരിശീലനവേദിയെ, ദൈവം ആത്മാവിനാൽ അഭിഷേകം ചെയ്യട്ടെ.

സ്നേഹത്തോടെ,

സെബാസ്റ്റ്യൻ പിതാവ്
മണ്ഡ്യരൂപതയുടെ മെത്രാൻ

*ഈ സർക്കുലർ 2024 ജൂൺ 2 ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാന മധ്യേ വായിക്കുകയും സോഷ്യൽ മീഡിയ വഴി പരമാവധി ഷെയർ ചെയ്യാനും ശ്രദ്ധിക്കുമല്ലോ.*